# മഹാത്മാഗാന്ധി സർവകലാശാല

നം.എഡി.എ3/3/297/2017

തീയതി : 25/09/2017

## പരിപത്രം

വിഷയം : സർവകലാശാലാ **അനദ്ധ്യാപക വിഭാഗം** ജീവനക്കാർ പാലിക്കേണ്ട പെരുമാറ്റ ചട്ടം സംബന്ധിച്ച്

മഹാത്മാഗാന്ധി സർവകലാശാലാ **അനദ്ധ്യാപക വിഭാഗം** ജീവനക്കാരുടെ സേവന വ്യവസ്ഥകൾ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985, മഹാത്മാഗാന്ധി സർവകലാശാലാ സ്റ്റാറ്റ്യൂട്ട് 1997 എന്നിവയിലെ ചട്ടങ്ങൾക്കും ഇതിനു പുറമെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ്, കേരള സർവീസ് റൂൾ എന്നീ നിയമങ്ങളിലെ ചട്ടങ്ങൾക്കും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും. കൂടാതെ കേരളാ ഗവൺമെന്റ് സർവന്റ് കൺഡക്ട് റൂൾസ് 1960, ജീവനക്കാർ, ഓഫീസിലും പൊതുജനമദ്ധ്യത്തിലും തികഞ്ഞ മാന്യതയോടും അച്ചടക്കത്തോടും പെരുമാറണമെന്നും അനുശാസിക്കുന്നു.

എന്നാൽ സർവകലാശാലയിലെ ഏതാനും ചില ജീവനക്കാർ, പൊതുജനമദ്ധ്യത്തിലും അല്ലാതെയും സഹപ്രവർത്തകരോട് വേണ്ടത്ര ബഹുമാനം നൽകാത്ത രീതിയിൽ പെരുമാറുന്നതായി പരാതി ലഭിച്ചിരിക്കുന്നു.

അതിനാൽ എല്ലാ സർവകലാശാലാ ജീവനക്കാരും പെരുമാറ്റച്ചട്ടം പാലിക്കണമെന്നും സഹപ്രവർത്തകരോടുള്ള പെരുമാറ്റം മാതൃകാപരം ആയിരിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു

ഒപ്പ്
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭ.വി.)
രജിസ്ട്രാർക്കു വേണ്ടി

**പകർപ്പ് :**

1) എല്ലാ സെക്ഷനുകൾ / എല്ലാ ഡിപ്പാർട്ട്മെന്റുകൾ.
2) പി.എസ്സ് റ്റു വി.സി./പി.വി.സി.
3) പി.എ റ്റു രജിസ്ട്രാർ/എഫ്.ഒ./സി.ഇ.
4) നോട്ടീസ് ബോർഡ്./ സി.എം.എസ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
5) പി ആർ ഒ

പരസ്യപ്പെടുത്താൻ അനുവദിച്ചത്

സെക്ഷൻ ഓഫീസർ